സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**തൃക്കടവൂർ ദേവസ്വം ശിവരാജു ആനയ്ക്ക് 'ഗജരാജരത്നം' പുരസ്കാരം നൽകുന്ന സംഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ആർ.ഒ.സി. 9410/17/മിസ്-2 തിരുവനന്തപുരം.07.04.2023

---

പരാമർശം:- 1 05.05.2022-ലെ മേൽ നമ്പർ ബോർഡുത്തരവ്
2 18.01.2023-ലെ മേൽ നമ്പർ ബോർഡുത്തരവ്
3 സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറുടെ 27.03.2023, 29.03.2023, 30.03.2023 തീയതികളിലെ 80/23/സി.എ 1 നമ്പർ റിപ്പോർട്ടുകൾ.

## ഉത്തരവ്

തൃക്കടവൂർ ദേവസ്വം ശിവരാജു ആനയ്ക്ക് 'ഗജരാജരത്നം' പുരസ്കാരം നൽകുന്നതിനും ആയതിന് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിന് സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തിയും ബോർഡുത്തരവായിരുന്നു. (പരാമർശം 1, 2)

ആയത് പ്രകാരം പ്രസ്തുത പുരസ്കാരദാന ചടങ്ങിന്റേയും തുടർന്നുള്ള സാംസ്കാരിക സമ്മേളനത്തിന്റേയും ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിവിധ ശുപാർശകൾ ഉൾപ്പെടുത്തി സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറുടെ റിപ്പോർട്ടുകൾ ലഭിച്ചു (പരാമർശം 3).

പ്രസ്തുത വിഷയം ബോർഡ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

1. തൃക്കടവൂർ ദേവസ്വം ശിവരാജു ആനയെ 18.04.2023-ാം തീയതി ദേവസ്വം ബോർഡ് കോമ്പൗണ്ടിൽ എത്തിക്കുന്നതിന് വേണ്ടി പ്രോഗ്രാം ചെയ്യുന്നതിന് തിരുവനന്തപുരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.
2. തൃക്കടവൂർ ദേവസ്വം ശിവരാജുവിന് 'ഗജരാജരത്നം' പുരസ്കാരം നൽകുന്ന ദിവസം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അന്നേ ദിവസം ഒഴിവുള്ള രണ്ട് കൊമ്പനാനകളെ ചമയങ്ങൾ സഹിതം

പ്രോഗ്രാം ചെയ്യുന്നതിന് തിരുവനന്തപുരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

3. കോമ്പൗണ്ടിൽ എത്തുന്ന ആനകൾക്ക് പ്രോഗ്രാം നടത്തുന്നതിന് ആവശ്യമായ വനംവകുപ്പിലെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റും, എലിഫെന്റ് സ്ക്വാഡിനെയും ഏർപ്പാടു ചെയ്യുന്നതിനുള്ള നടപടികൾ രാജരാജേശ്വരി സബ്ഗ്രൂപ്പ് ആഫീസറെ കൊണ്ട് ചെയ്യിപ്പിക്കുന്നതിന് ഉള്ളൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.
4. ആനയ്ക്ക് കഴുത്തിൽ ചാർത്തേണ്ട പിത്തളയിലുള്ള 'ഗജരാജ രത്നം' ലോക്കറ്റ് തൃക്കടവൂർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ ചുമതലയിൽ ക്വട്ടേഷൻ വ്യവസ്ഥയിൽ ചെയ്യിപ്പിക്കുന്നതിന് അനുവദിക്കുന്നു. കൂടാതെ എല്ലാ ആനകൾക്കുമുള്ള ആനച്ചമയ ങ്ങൾ (ആലവട്ടം, വെഞ്ചാമരം ഉൾപ്പെടെ) എത്തിക്കുന്നതിനും ആയതിലേയ്ക്കാവശ്യമായ ജീവനക്കാരെ എത്തിക്കുന്നതിന് കൊല്ലം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറെയും തൃക്കടവൂർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറെയും ചുമതലപ്പെടുത്തുന്നു.
5. പുരസ്കാര ചടങ്ങിന് പഞ്ചവാദ്യം നടത്തുന്നതിന് ആറ്റിങ്ങൽ ക്ഷേത്രകലാപീഠം കുട്ടികളെ എത്തിക്കുന്നതിന് ക്ഷേത്രകലാപീഠം മാനേജർക്ക് നിർദ്ദേശം നൽകുന്നതിന് സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.
6. സാംസ്കാരിക സമ്മേളനത്തിന് ആവശ്യമായ ക്രമീകരണങ്ങളും പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണം ചെലവ് കണക്കടിസ്ഥാനത്തിൽ ഏർപ്പാടു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തൃക്കടവൂർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറെയും കൊല്ലം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറെയും ചുമതലപ്പെടുത്തുന്നു.
7. ചടങ്ങുകൾക്ക് വിപുലമായ പരസ്യം നൽകുന്നതിന് 500 നോട്ടീസും ദേവസ്വം ബോർഡ് കോമ്പൗണ്ടിൽ 2 ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നതിന് സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെയും, ഗ്രൂപ്പ് ആഫീസ് മുമ്പാകെ പരസ്യ ബോർഡ് സ്ഥാപിക്കുന്നതിന് അതാത് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെയും ചുമതലപ്പെടുത്തുന്നു.
8. ടി ചടങ്ങിൽ പങ്കെടുക്കുന്നതിന് കോമ്പൗണ്ടിലെ എല്ലാ ജീവനക്കാർക്കും ഗ്രൂപ്പിലെ എല്ലാ ജീവനക്കാർക്കും നിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.
9. ആന പരിപാലനം, നാട്ടാന പരിപാലന ചട്ടം എന്നിവ സംബന്ധിച്ച് ഉദ്യോഗസ്ഥർക്കുള്ള സംശയങ്ങൾ ഒഴിവാക്കുന്നതിന് ഈ മേഖലയിൽ

ഗവേഷണം നടത്തി പ്രശസ്തിയാർജ്ജിച്ചിട്ടുള്ള തൃശ്ശൂർ സ്വദേശിയായ പ്രസിദ്ധ ആന ഗവേഷകർ ഡോക്ടർ പി.എസ്.ഈസ, വനംവകുപ്പിലെ പ്രശസ്ത ഡോക്ടറായിരുന്ന ശ്രീ.ഈശ്വരൻ, സോഷ്യൽ ഫോറസ്ട്രി തിരുവനന്തപുരം ഡി.എഫ്.ഒ എന്നിവരെ ഉൾപ്പെടുത്തി ഒരു സെമിനാർ സംഘടിപ്പിക്കുന്നതിനും ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

10. പ്രസ്തുത സെമിനാറിൽ ഗ്രൂപ്പിലെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വിജിലൻസ് ആഫീസർ, മരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാർ, സബ്ഗ്രൂപ്പാഫീസർ, ആനയുടെ ചുമതലയുള്ള ആനക്കാർ, എന്നിവർ പങ്കെടുക്കേണ്ടതാണ്. സബ്ഗ്രൂപ്പ് ആഫീസർമാർ, ആനക്കാർ എന്നിവർക്ക് നിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് അതാത് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെയും അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുന്നതിന് ചീഫ് എഞ്ചിനീയറെയും ചുമതലപ്പെടുത്തുന്നു.

11. ക്ലാസ് നയിക്കാൻ എത്തുന്ന പാനൽ അംഗങ്ങൾക്ക് വണ്ടിക്കൂലിയ്ക്ക് പുറമെ 5000/- രൂപ ഹോണറേറിയം അനുവദിച്ചും ആയത് ചെലവ് കണക്ക് അടിസ്ഥാനത്തിൽ നൽകുന്നതിന് തൃക്കടവൂർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി
(ഒപ്പ്)
**സെക്രട്ടറി**

**വിവരമറിയാനും തുടർനടപടിക്കുമായി പകർപ്പ്;-**

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ
3. ഡയറക്ടർ, സാംസ്കാരിക പുരാവസ്തു വിഭാഗം
4. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
5. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
6. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
7. അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,
   തൃക്കടവൂർ (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
8. മിനിറ്റ്സ് സെക്ഷൻ
9. ഇ.ഡി.പി സെക്ഷൻ
10. സെക്ഷൻ ഫയൽ
11. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി